**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2637** **04-03-2025 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിൽ വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ വൈദ്യുതി വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നിലവിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | കോതമംഗലം ടൗൺ മേഖലയിൽ വൈദ്യുതി വിതരണം കാര്യക്ഷമമാക്കു ന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി. ലിമിറ്റഡ്-ന്റെ ദ്യുതി-1, ദ്യുതി-2.0 എന്നീ പദ്ധതികളിലും കേന്ദ്രാവിഷ്കൃത പദ്ധതി യായ ആർ.ഡി.എസ്.എസ് – ൽ ഉൾപ്പെടുത്തിയും പ്രവൃത്തികൾ ആവിഷ്ക രിച്ച് നടപ്പിലാക്കി വരുന്നു.<br><br>കോതമംഗലം മണ്ഡലത്തിൽ ഉൾപ്പെടുന്ന കീരംപാറ, നെല്ലിക്കുഴി, കോതമംഗലം -1, കോതമംഗലം -2 എന്നീ സെക്ഷനുകളുടെ കീഴിലായി വൈദ്യുതീ കരണം, വോൾട്ടേജ് മെച്ചപ്പെടുത്തൽ, വൈദ്യുതി തടസ്സം കുറയ്ക്കൽ, വൈദ്യുതി സുരക്ഷ ഉറപ്പാക്കൽ തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി ചെയ്ത പ്രവർത്തികളുടെ അടങ്കലും തൽസ്ഥിതി വിശദാംശങ്ങളും **അനുബന്ധം 1**-ആയി ചേർക്കുന്നു.<br><br>**<u>ദ്യുതി 2</u>**<br><br>ദ്യുതി-2.0 പദ്ധതിയിൽ 2022-23 മുതൽ 2024-25 വരെയുള്ള കാലയളവിലേക്കായി മൊത്തം 10.7 കോടിരൂപയുടെ 145 വർക്കുകൾ വിഭാവനം ചെയ്തിട്ടുള്ളതും, ഇതിൽ 2022-23, 2023-24, 2024-25 കാലയളവിൽ 3.5 കോടിരൂപയുടെ വർക്കുകൾ, പൂർത്തീകരിച്ചിട്ടു ള്ളതുമാണ്. മേൽപ്പറഞ്ഞ സെക്ഷനുകളിൽ ദ്യുതി 1, ദ്യുതി 2, ആർ.ഡി.എസ്.എസ് എന്നീ പദ്ധതികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങ ളിലാണ്. ഇതിന്റെ വിശദാംശം **അനുബന്ധം-2** ആയി ചേർക്കുന്നു.<br><br>കോതമംഗലം മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ വൈദ്യുതി വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നില വിൽ പ്രസരണവുമായി ബന്ധപ്പെട്ട 66 കെ വി ഓടക്കാലി സബ്സ്റ്റേഷൻ 110 കെ വി ആയി ഉയർത്തി നിലവിലുള്ള രണ്ട് 10 MVA ട്രാൻസ്ഫോർമറുകളുടെ |

| | | | |
|---|---|---|---|
| | | | ശേഷി രണ്ട് 20 MVA ആയി ഉയർത്താൻ അനുമതി ആയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോതമംഗലം മണ്ഡലത്തിന്റെ കീഴിൽ വരുന്ന നെല്ലിക്കുഴി ഭാഗത്ത് വോൾട്ടേജ് വർദ്ധിപ്പിയ്ക്കാനും ഗുണനിലവാരമുള്ള വൈദ്യുതി ജനങ്ങ ളിലേയ്ക്ക് എത്തിക്കാനും വൈദ്യുതിയുടെ അധിക ആവശ്യകത നിറവേറ്റാനും സാധിക്കും. ആയതിലേക്ക് 16 കോടിയോളം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിച്ച് കൂടുതൽ കാര്യക്ഷമതയോടെയുള്ള വൈദ്യുതി വിതരണം ഉറപ്പു വരുത്തുമോ; വിശദമാക്കാമോ? | (ബി) | മേൽപ്പറഞ്ഞതിൽ പൂർത്തീകരിക്കാത്ത പ്രവർത്തികളുടെ ടെൻഡറിങ് കഴിഞ്ഞു പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതാണ്. തുടർനടപടികൾ സമയബന്ധിതമായി നടപ്പിലാക്കി പ്രവർത്തികൾ പൂർത്തീകരിച്ചു കൂടുതൽ കാര്യക്ഷമതയുള്ള വൈദ്യുതി വിതരണം ഉറപ്പുവരുത്താൻ സാധിക്കുന്നതാണ്.<br><br>മേൽ പദ്ധതി പ്രസരണ വിഭാഗം വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

**ദ്യുതി 1**

| പദ്ധതി | പ്രവർത്തി | തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| ദ്യുതി -1 | UG കേബിളിന്റെ ആകെ വലിക്കുന്ന ദൂരം - 5.15 KM, കൂടാതെ ഹൈറേഞ്ച് ജംഗ്ഷനിലും കോഴിപ്പിള്ളി ജംഗ്ഷനിലും RMU സ്ഥാപിക്കൽ. | Rs.2,27,60, 000/- | M/s Yastel Networks Pvt Ltd, Edappally ന് നൽകിയിട്ടുള്ള പെരുമ്പാവൂർ PMU എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വർക്ക് ഓർഡർ നമ്പർ. WO/5152/ 2022-23/54 dated 25.07.2022. പ്രകാരമുള്ള പ്രവർത്തികളുടെ പൂർത്തീകരണത്തിനുള്ള വിവിധ ഘട്ടങ്ങൾ തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം-2

ദ്യുതി 2

| പദ്ധതി | പ്രവർത്തി | തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| ദ്യുതി 2.0 2022-23 | ABC & UG Cable ഉപയോഗിച്ച് കൊണ്ടുള്ള 45 വർക്കുകൾ | Rs.2,28,61,000/- | Rs.2,14,20,000/- രൂപയുടെ 44 റീകണ്ടക്ടറിങ്, പുതിയ ട്രാൻസ്ഫോർമർ & കേബിൾ സ്ഥാപിക്കൽ, ഇന്റർലിങ്കിങ് തുടങ്ങിയ വർക്കുകൾ, കോതമംഗലം മണ്ഡലത്തിൽ ഉൾപ്പെടുന്ന കീരംപാറ, കോതമംഗലം-1, നെല്ലിക്കുഴി, കോതമംഗലം-2, എന്നീ സെക്ഷനുകളുടെ കീഴിൽ പൂർത്തിയാക്കിയിട്ടുണ്ട്. |
| ദ്യുതി 2.0 2023-24 | ABC & UG Cable ഉപയോഗിച്ച് കൊണ്ടുള്ള 39 വർക്കുകൾ | Rs.2,42,12,000/- | Rs.1,20,44000/-രൂപയുടെ വിവിധ വർക്കുകൾ, കോതമംഗലം മണ്ഡലത്തിൽ ഉൾപ്പെടുന്ന കീരംപാറ, കോതമംഗലം-1, നെല്ലിക്കുഴി, കോതമംഗലം-2, എന്നീ സെക്ഷനുകളുടെ കീഴിൽ വോൾടേജ് മെച്ചപ്പെടുത്തൽ, വൈദ്യുതീകരണം, വൈദ്യുതി തടസ്സം കുറയ്ക്കുക, എന്നിവ മുൻനിർത്തി പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി വർക്കുകൾ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതും, സമയബന്ധിതമായി സെക്ഷൻ തലത്തിൽ നടന്നു വരികയുമാണ് . |
| ദ്യുതി2.0 2024-25 | ABC & UG Cable ഉപയോഗിച്ച് കൊണ്ടുള്ള 61 വർക്കുകൾ | Rs.5,97,76, 000/- | ഇതിൽ 0.114 കോടിയുടെ വർക്കുകൾ പൂർത്തിയാക്കിയിട്ടുള്ളതും, ബാക്കി വർക്കുകൾ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നടന്നു വരികയുമാണ് . |

## RDSS

| പദ്ധതി | പ്രവർത്തി | തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| RDSS PHASE –I (Package 5 & 6 ) | ABC & UG Cable ഉപയോഗിച്ച് കൊണ്ടുള്ള 10 വർക്കുകളും , 3 RMU സ്ഥാപിക്കൽ വർക്കുകളും, 1 LBS സ്ഥാപിക്കൽ | Rs.14,13,11,648/- | നിർമ്മാണ പ്രവർത്തികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ